**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2256** **11-10-2021 - ൽ മറുപടിയ്ക്ക്**

**സർക്കാർ സേവനങ്ങൾ വാതിൽപ്പടിയിലെത്തിക്കുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. പി.വി.അൻവർ,<br>ശ്രീ. കെ. ജെ. മാക്സി | | **Shri M. V. Govindan Master**<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | പഞ്ചായത്തിൽ നിന്നു ലഭിക്കേണ്ട സേവനങ്ങൾ, നേരിട്ട് പോകാതെ ഓൺലൈനിൽ ലഭ്യമാക്കാനുള്ള പദ്ധതി സംസ്ഥാനത്ത് എത്ര പഞ്ചായത്തുകളിൽ പ്രാവർത്തികമായിട്ടുണ്ട്; എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കും ഈ പദ്ധതി വ്യാപകമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ നടപടികൾ സുതാര്യവും, സുഗമമാക്കി സേവനങ്ങൾ ഒരു കുടക്കീഴിൽ മുഴുവൻ സമയവും പൊതുജനങ്ങളുടെ വിരൽത്തുമ്പിൽ ലഭ്യമാക്കുന്നതിലേക്കായി പഞ്ചായത്ത് വകുപ്പിന്റെ മേൽനോട്ട ത്തിൽ ഇൻഫർമേഷൻ കേരള മിഷൻ (ഐ.കെ.എം) വികസിപ്പിച്ച അതിനൂതന സോഫ്റ്റ് വെയർ ആയ Integrated local Government Management Solution (ILGMS) സോഫ്റ്റ് വെയർ 309 ഗ്രാമപഞ്ചായത്തുകളിൽ വിന്യസിച്ചിട്ടുണ്ട്. പ്രസ്തുത പഞ്ചായത്തുകളിലെ പൊതു ജനങ്ങൾക്ക് സോഫ്റ്റ് വെയറിൽ രജിസ്റ്റർ ചെയ്ത ശേഷം അവരുടെ ലോഗിനിലൂടെ പഞ്ചായത്തുകൾ നൽകിവരുന്ന 213 സേവനങ്ങൾക്കു ഓൺലൈൻ ആയി അപേക്ഷ അയക്കുന്നതിനും ഓൺലൈൻ ആയി തന്നെ തുക ഒടുക്കുന്നതിനുള്ള സംവിധാനവും ലഭ്യമാക്കിയിട്ടുണ്ട്. ശേഷിക്കുന്ന 632 ഗ്രാമപഞ്ചായത്തുകളിൽ ഓൺലൈനിൽ അപേക്ഷിക്കു ന്നതിനും, അപേക്ഷയോടൊപ്പം നൽകാനുള്ള ഫീസുകൾ ഓൺലൈനിൽ അടയ്ക്കുന്നതിനും സർക്കാർ നിർദ്ദേശ പ്രകാരം ILGMS ന്റെ ഭാഗമായി പ്രത്യേകം സിറ്റിസൺ പോർട്ടൽ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട് . |
| (ബി) | നഗര പ്രദേശങ്ങളിലുൾപ്പെടെ കെട്ടിട നിർമ്മാണ പെർമിറ്റ് ഓൺലൈനിൽ ലഭ്യമാക്കാൻ നടപടിയെടുത്തിട്ടുണ്ടോ; പദ്ധതിയുടെ കാര്യക്ഷമത വിലയിരുത്തിയിട്ടുണ്ടോ; | (ബി) | ഉണ്ട് . മുഖ്യമന്ത്രിയുടെ നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി നഗര പ്രദേശങ്ങളിൽ കെട്ടിട നിർമ്മാണ പെർമിറ്റ് ഓൺലൈനിൽ ലഭ്യമാക്കുന്ന പദ്ധതിയായ Intelligent Building Plan Management System (IBPMS) -ന്റെ സംസ്ഥാനതല ഉദ്ഘാടനം 13/09/2021-ന് നിർവ്വഹിക്കുകയും ആയത് കോഴിക്കോട് നഗരസഭ ഒഴികെയുള്ള എല്ലാ നഗരസഭകളിലും നിലവിൽ വന്നിട്ടുള്ളതുമാണ്. |

| | | | |
|---|---|---|---|
| | | | കോഴിക്കോട് നഗരസഭയിൽ മലബാർ ചേംബർ ഓഫ് കൊമേഴ്സ് വികസിപ്പിച്ചെടുത്ത സുവേഗ software ആണ് ഉപയോഗിച്ചുവരുന്നത് പദ്ധതിയുടെ കാര്യക്ഷമത വിലയിരുത്തുന്നതിനായി നിശ്ചിത ഇടവേളകളിൽ അവലോകന യോഗം നടത്താറുള്ളതാണ്. ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ കെട്ടിട നിർമ്മാണ പെർമിറ്റ് ഓൺലൈനിൽ ലഭ്യമാക്കു ന്നതിന് ഐ.കെ.എം ന്റെ 'സങ്കേതം' സോഫ്റ്റ്‌വെയറാണ് ഉപയോഗിച്ച് വരുന്നത്. മേൽ സോഫ്റ്റ്‌വെയറുകളുടെ കാര്യക്ഷമത വിലയിരുത്തുന്നുണ്ട് |
| (സി) | സർക്കാർ സേവനങ്ങൾ വാതിൽപ്പടിയിലെത്തിക്കുന്ന പദ്ധതിയുടെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന പ്രവർത്തനം അറിയിക്കാമോ; എത്ര സ്ഥാപനങ്ങളിൽ പ്രസ്തുത പദ്ധതി പ്രാവർത്തികമായിട്ടുണ്ടെന്ന് അറിയിക്കുമോ? | (സി) | പ്രായാധിക്യം, ഗുരുതര രോഗം, അതിദാരിദ്ര്യം തുടങ്ങിയ പലവിധ കാരണങ്ങളാൽ സർക്കാർ സേവനങ്ങൾ യഥാസമയം കൃത്യമായി ലഭിക്കാതിരിക്കുന്ന ജനവിഭാഗങ്ങൾക്ക് ആശ്വാസമായി അവരുടെ വീട്ടുകളിൽ സർക്കാർ സേവനങ്ങളും ജീവൻ രക്ഷാമരുന്നും എത്തിക്കുന്നതിനു വേണ്ടി രൂപം നൽകിയിട്ടുള്ളതാണ് വാതിൽപ്പടി സേവനം പദ്ധതി. സാമൂഹിക സന്നദ്ധസേന, ആശാവർക്കർമാർ, അക്ഷയകേന്ദ്രങ്ങൾ, കുടുബശ്രീ പ്രവർത്തകർ തുടങ്ങിയവയുടെ സഹകരണത്തോടെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ മസ്റ്ററിംഗ്, ലൈഫ് സർട്ടിഫിക്കറ്റ്, സാമൂഹ്യ സുരക്ഷാ പെൻഷനുള്ള അപേക്ഷ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള സഹായത്തിനുള്ള അപേക്ഷ, ജീവൻരക്ഷാ മരുന്നുകളുടെ വിതരണം എന്നീ അഞ്ച് സേവനങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ 50തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാണ് (38 ഗ്രാമ പഞ്ചായത്തുകളിലും 12നഗരസഭ കളിലും) ആരംഭിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ